**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2005** **02-02-2024 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഗ്രൗണ്ടുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം കേരളത്തിൽ എത്ര ഗ്രൗണ്ടുകൾ നവീകരിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവർത്തി പൂർത്തീകരിച്ചു. നിലവിൽ മൂന്ന് നിർമ്മാണ പ്രവർത്തികളാണ് നടന്നു വരുന്നത്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രൗണ്ടുകൾ നവീകരിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴെക്കോട് ഗ്രാമപഞ്ചായത്ത് അരിങ്ങപറമ്പ് ജി.എൽ.പി സ്കൂൾ കളിസ്ഥല നിർമ്മാണം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽ നിന്നോ ജില്ലാ കളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. |
| (സി) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലെയും ഗ്രൗണ്ട് നവീകരണവും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ? | (സി) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴെക്കോട് ഗ്രാമപഞ്ചായത്ത് അരിങ്ങപറമ്പ് ജി.എൽ.പി സ്കൂൾ കളിസ്ഥല നിർമ്മാണം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽ നിന്നോ ജില്ലാ കളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമനം | പദ്ധതി | നിയമസഭാ മണ്ഡലം | ജില്ല |
|---|---|---|---|
| 1 | ജി.എച്ച്.എസ്., ചിറക്കര ഗ്രാമപഞ്ചായത്തിലെ കളിസ്ഥലം | ചാത്തന്നൂർ | കൊല്ലം |
| 2 | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം (പ്രവൃത്തി പൂർത്തിയായിട്ടുണ്ട്) | പാറശ്ശാല | തിരുവനന്തപുരം |
| 3 | ചടയമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | ചടയമംഗലം | കൊല്ലം |
| 4 | അയ്യൻകോയിക്കൽ ജി.എച്ച്.എസ്.എസ് തേവലക്കര ഗ്രാമപഞ്ചായത്തിലെ കളിസ്ഥലം | ചവറ | കൊല്ലം |

**സെക്ഷൻ ഓഫീസർ**